**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2927** **22.6.2012-ൽ മറുപടിക്ക്**

**നഗരങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ | | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ ജല-വായു-പരിസ്ഥിതി മലിനീകരണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എല്ലാ നഗരങ്ങളിലും സ്വീവേജ് സിസ്റ്റവും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | സ്വീകരിച്ചു വരുന്നു. |
| സി) | മാലിന്യ സംസ്ക്കരണത്തിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിനും നടത്തിപ്പിനുമായി എല്ലാ പട്ടണങ്ങളിലും ഓരോ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |
| ഡി) | പട്ടണങ്ങളിലെ ജനവാസ കേന്ദ്രങ്ങളിൽ വേണ്ടത്ര മാലിന്യ നിർമ്മാർജ്ജന സൗകര്യമില്ലാതെയും ചാണകവും മറ്റും നിക്ഷേപിക്കാൻ ആധുനിക ടാങ്കുകൾ സ്ഥാപിക്കാതെയും കന്നുകാലികളെ വളർത്തുന്നത് മൂലവുമുണ്ടാകുന്ന മലിനീകരണം കണ്ടെത്തുന്നതിനും അത് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നിയമം പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുമോ? | ഡി) | നഗരപ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിൽ ആധുനിക രീതിയിലുളള സൗകര്യങ്ങൾ ഇല്ലാതെ കന്നുകാലികളെ വളർത്തുന്നതും അതുമൂലം ഉണ്ടാകുന്ന മലിനീകരണം കണ്ടെത്തുന്നതിനും, ആയതിന് പരിഹാരം നിർദ്ദേശിക്കേണ്ട ഉത്തരവാദിത്വം അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ നിലവിൽ തന്നെ വ്യവസ്ഥകളുണ്ട്. |

സെക്ഷൻ ഓഫീസർ